# Dilli - Gent

**St. Thomas H S** **Thudanganad**

# Dilli - Gent

## ST. THOMAS H S

## THUDANGANAD

# എഡിറ്റോറിയൽ


"വിദ്യാർത്ഥികളുടെ കൈയ്യൊപ്പ് പതിഞ്ഞവയാണ് എന്നും കൈയെഴുത്ത് മാസികകൾ.....അതിനെ ഡിജിറ്റലൈസ് ചെയ്യു ൾ അവിടെ സർഗാത്മകത വിവര സാ തിക വിജ്ഞാനം ഉപയുക്തമാക്കാൻ സാധിക്കുന്നു.പ്രകൃതിയുടെ വർണ മനോഹാരിതയ്ക്കു നടുവിൽ നില കൊള്ളുന്ന 'സെന്റ് തോമസ് ' എന്ന അനുഗ്രഹീത കലാലയത്തിലെ വിദ്യർത്ഥികളുടെ സർഗാത്മകതയുടെയും സാഹിത്യ പരിജ്ഞാനത്തിന്റെയും പ്രതിഫലനമാണ് **“DILLI-GENT”**എന്ന ഡിജിറ്റൽ മാഗസിൻ .കൗമാര മനസ്സുകളിൽ ഉറങ്ങിക്കിടന്നിരുന്ന ചിന്തകൾ **“DILLI-GENT”**ലൂടെ ഉയർത്തെഴുന്നേൽക്കുന്നു.കൗമാരത്തിന്റെ ഊർജമാണ്.മാറ്റം ആഗ്രഹിക്കുന്ന ഒരു കൂട്ടം വിദ്യാർത്ഥികളുടെ പ്രയത്നമാണ്ഫലമാണിത്!!ഇത് യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു...........

ചരിത്രം ഉറങ്ങുന്ന ഈ കലാലയത്തിൽ പിറവിയെടുത്ത **“DILLI-GENT”** വായനയെ സ്നേഹിക്കുന്ന,മാറ്റങ്ങളെ ഇഷ്ടപ്പെടുന്നവർക്കു മുൻപിൽ ഞങ്ങൾ സമർപ്പിക്കുന്നു.

**-എഡിറ്റർ**

# Editorial board

## Chief Editors





*1- Ardra S Raj*

*2 - Amala Gireesh*

## Associate Editors





*1.Josmey Joy Joy*

*2.Lindza Liz Thomas*

## Board of Editors







*1-charles.Jeorge*

*2.Nebin Santy*

*3.Jerin Jojo*

# ഉള്ളടക്കം


1 ആമുഖം 6
2 ആശംസകളോടെ 7
3 പുതുവർഷപ്പുലരി 8
4 വിദ്യാലയം 9
5 ബാലവേല 10
6 ലക്ഷ്യബോധം 11
7 ഒരു നാടോടികഥ-കലഹം പരിഹാരമല്ല 12
8 അമ്മയുടെ സ്നേഹം 13
9 അത്തം പാട്ട് 14
10 വിജയത്തിലേക്കുള്ള വഴി 15
11 മേരാ ജീവൻ ഹി മേരാ സന്ദേശ് 16
12 അമ്മ മനസ്സ് 17
13 പുതുവത്സരപ്പുലരി 18
14 സുന്ദരി ഇവൾ പ്രകൃതി 19
15 അമ്മ 20
16 പ്രകൃതി ചിത്രം 21
17 മദർ തെരേസ 22
18 പുത്തൻ ചില ചിന്തകൾ 23
19 മണ്ണിന്റെ വില 24
20 ഡോ .ബി.ആർ .അംബേദ്കർ 25
21 ചിത്രം 26
22 അഭിമുഖം 27-29
23 പ്രളയ ബാധിത പ്രദേശം -ചിത്രം 30
24 കുയിലിന്റെ സ്വരമാധുരി 31
25 നന്ദി 32

# ആമുഖം

വിവരസാങ്കേതിക വിദ്യയുടെ അതി വ്യാപനത്തിന്റെ നൂറ്റാണ്ടാണിത്. ശാസ്ത്രസാങ്കേതിക മേഖലകൾ മാത്രമല്ല സാഹിത്യരംഗവും ഈ ശാസ്ത്രശാഖയുടെ പ്രഭാവലയത്തിൽ ഉൾപ്പെട്ട് കഴിഞ്ഞു. ഈ മാറ്റത്തെ സാഹിത്യകൃതികികളായ ലിറ്റിൽ കൈറ്റ് അംഗങ്ങൾ ഉൾക്കൊണ്ട് അവർ തങ്ങളുടെയും സഹപാഠികളുടെയും സർഗ്ഗസൃഷ്ടികളെ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ **"DILLI - GENT"** എന്ന ഈ ഡിജിറ്റൽ മാഗസിൻ വളരെ നൂതനത്വം പുലർത്തുന്നു . ഇതിലെ എല്ലാ സൃഷ്ടികളും കുട്ടികളുടെ സർഗസിദ്ധിയുടെ വ്യക്തമായ ഉദാഹരണങ്ങളാണ്. സാങ്കേതികവിദ്യയുടെ എല്ലാത്തരം സാധ്യതകളും പാഠ്യപാഠ്യേതര മേഖലകളിൽ ഉപയോഗിച്ച് അതിലൂടെ ആത്മവിശ്വാസവും കഴിവുകളും വളർത്തി ഉൾക്കരുത്തുള്ളവരായി നമ്മുടെ കുട്ടികൾ വിജയപഥങ്ങളിൽ എത്തട്ടെ............

# ആശംസകളോടെ....

.



വിദ്യാഭ്യാസത്തിൻറെ നിർവചനം തന്നെ മാറിയിരിക്കുന്ന കാലഘട്ടം ആണല്ലോ ഇത്. പുതിയ പാഠ്യപദ്ധതിയിൽ കുട്ടികളുടെ ശേഷികളുടെ വികസനത്തിനാണല്ലോ പ്രാമുഖ്യം. കഴിവുള്ളവർ വിജയിക്കുന്നു, ആരും കഴിവുള്ളവരോ ഇല്ലാത്തവരോ ആയി ജനിക്കുന്നില്ല. വിദ്യാഭ്യാസത്തിലൂടെ ആർജ്ജിക്കേണ്ടത് ആണല്ലോ കഴിവുകൾ. അതിന് ഒരുപരിധിവരെ ഡിജിറ്റൽ മാഗസിൻ പ്രയോജനപ്പെടും എന്ന കാര്യത്തിൽ സംശയമില്ല.

പോരായ്മകൾ ഉണ്ടാകാം. എങ്കിലും ഇതിലൊക്കെ രചനകൾ കഴിയും അല്ലാതെയും സഹായിച്ച എല്ലാ കുട്ടികൾക്കും അവരെ പ്രോത്സാഹിപ്പിച്ച എല്ലാ അധ്യാപക സുഹൃത്തുക്കൾക്കും ഹൃദയംനിറഞ്ഞ അഭിനന്ദനങ്ങൾ.

**ഷാനി ജോൺ**

**ഹെഡ്മിസ്ട്രിസ്സ്**

**സെന്റ്.തോമസ്. എച്ച് .എസ് തുടങ്ങനാട്**

# പുതുവർഷപ്പുലരി



**അശ്വതി ആർ**

ഓരോ പുതുവത്സര പുലരിയും നമ്മുടെ ജീവിതത്തിൽ സന്തോഷവും സമാധാനവും ഉണ്ടാക്കാൻ നമ്മൾ ആഗ്രഹിക്കുന്നു അതിനുവേണ്ടി യഥാ സമയവും പ്രാർത്ഥിക്കുകയും നമ്മൾ ചെയ്യുന്നു കഴിഞ്ഞ് വർഷക്കാലം കുറെ ആരും വർഷത്തേക്കാളും കഴിഞ്ഞവർഷത്തേക്കാൾ കൂടുതൽ നന്മയും പ്രതീക്ഷിച്ചുകൊണ്ട് ഓരോ പുതുവത്സരത്തെ നമ്മൾ വരവേൽക്കുന്നു കഴിഞ്ഞവർഷത്തെ സന്തോഷ ദുഃഖങ്ങളെ മറന്ന പുതുവർഷ സന്തോഷത്തേയും സമ്പൽസമൃദ്ധിയുടെയും നന്മയുടെയും പ്രതീകമായി മാറട്ടെ എന്ന് ഞങ്ങൾ ദൈവത്തോട് പ്രാർത്ഥിക്കുന്നു. 2018 ൽ നമ്മുടെ കേരളത്തെ ബാധിച്ച പ്രളയ ദുരിതത്തെ അതിജീവിച്ച് അതിനെ മറികടന്ന് 2019 ത് കടന്നുവന്നു. പുതുവത്സരം കഴിഞ്ഞ ദുരിതത്തെ മറികടക്കാൻ നമ്മളെ സഹായിക്കട്ടെ. 2018 ൽ പ്രളയം വന്നുവെങ്കിലും നമ്മൾക്ക് ഒറ്റക്കെട്ടായിനിന്ന് അതിനെ നേരിടാൻ സാധിച്ചു. 2018 ൽ നമ്മൾക്ക് പ്രളയം ബാധിച്ചുവെങ്കിലും അതോടൊപ്പം കൊച്ചുകൊച്ചു സന്തോഷങ്ങളും നൽകിയിട്ടാണ് പോയത്. ഇനിയൊരിക്കലും ആ സന്തോഷങ്ങളും ദുഃഖങ്ങളും തിരിച്ചു വരികയില്ല. ദുരിതങ്ങളും ദുഃഖങ്ങളും മറന്ന് സന്തോഷത്തോടെ ജീവിക്കാൻ 2019 നമ്മളെ സഹായിക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. കാരണം ഞാൻ എല്ലാവർക്കും പുതുവത്സര ആശംസകൾ നേരുന്നു. ഈവർഷം മറക്കാനാവാത്ത നന്മയുടെയും സന്തോഷത്തിന്റെയും സമ്പൽസമൃദ്ധിയുടെയും നാളുകൾ ആകട്ടെ 2019 എന്നുകാണാൻ പ്രതീക്ഷിച്ചുകൊണ്ട് 2019 ലെ വരവേൽക്കാം.

# വിദ്യാലയം



ഫെസിൽ സിബിച്ചൻ

അധ്യാപകർ തൻ വിജ്ഞാന മധുരി

പകർന്നു നൽകും വിദ്യാലയം

കുഞ്ഞി കുരുന്നുകൾ നാം അക്ഷരമുറ്റത്ത്

ആടിപ്പാടി വളർന്നീടാം

തൻറെ മക്കളെ പോലെ

സ്നേഹിക്കും അധ്യാപകർ തൻ-

അറിവിൻറെ നിലവറ

തുറന്ന് നൽകും

അച്ചടക്കം സ്നേഹ സാഹോദര്യം

എന്നിവ വളർത്തും അധ്യാപകർ

ലക്ഷ്യ ബോധത്തിൽ വളരാൻ

അറിവിൻറെ നിറകുടങ്ങളായ്

വിദ്യാലയ മുറ്റത്തെത്തും

നാടിൻ അഭിമാനമായ്

വിജ്ഞാന സ്തംഭമായി നിലനിൽക്കും

എന്നും എൻറെ നല്ല വിദ്യാലയം

# ബാലവേല



കവിത രാജ്

വികസിച്ചുവരുന്ന ഒരു രാജ്യത്തിന് കളങ്കം ചാർത്തുന്ന ഒന്നാണ് ബാലവേല."ചൈൽഡ് ലേബർ" എന്നപേരിൽ ലോകത്ത് ആകമാനം അറിയുന്ന ഒരു സാമൂഹിക വിപത്ത് ആണിത്. വളരെ വേഗം സമ്പത്ത് വർധിപ്പിക്കാൻ ശ്രമിക്കുന്ന മനസ്സാക്ഷിയില്ലാത്ത ഒരു വിഭാഗമാണ് ബാലവേലയ്ക്ക് ഒളിഞ്ഞും തെളിഞ്ഞും പ്രേരണ നൽകുന്നത്.

എന്താണ് ബാലവേല? നിയമം നിർദേശിക്കുന്ന നിശ്ചിത പ്രായത്തിനു താഴെയുള്ള(14) കുട്ടികളെക്കൊണ്ട് വേതനം നൽകി ജോലി ചെയ്യിക്കുന്നതാണ് ബാലവേല അഥവാ ചൈൽഡ് ലേബർ. അനാഥാവസ്ഥയും ജീവിതസാഹചര്യങ്ങളും കുട്ടികളെ ചെറുപ്രായത്തിൽതന്നെ ജോലിക്ക് നിർബന്ധിതരാക്കുന്നു. സാമൂഹ്യ പ്രവർത്തകരുടെ സംഘടിതമായ ഇച്ഛാശക്തിയുണ്ടെങ്കിൽ ബാലവേല പരിഹരിക്കാം. ബാലവേലയിൽ ഏർപ്പെട്ടിരിക്കുന്നവരെ അനാഥർ എന്നും കുടുംബം ഉള്ളവനെന്നും വേർതിരിക്കുക .കുടുംബം ഉള്ളവരെ കണ്ടെത്തി കുടുംബ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരം കണ്ടെത്തുക. അനാഥർക്ക് വിദ്യാഭ്യാസത്തിനുശേഷം തൊഴിൽ നൽകുക. അവരും രാജ്യവും പുരോഗമിക്കും.

# ലക്ഷ്യബോധം



അമല ഗിരീഷ്

ബഹുമാന്യരായ ഗുരു ജനങ്ങളെ,

സ്നേഹമുള്ള കൂട്ടുകാരെ,

ലക്ഷ്യബോധമില്ലാത്ത മനുഷ്യൻ പുഴയിലേക്കിട്ട പൊങ്ങുതടി സമമാണ്. അതങ്ങനെ തട്ടിയും മുട്ടിയും പൊങ്ങിയും താഴ്ന്നും എവിടെയെങ്കിലുമൊക്കെ ചെന്നു പെടും. അങ്ങനെയൊരു ജീവിതം ആരാണ് ഇഷ്ടപ്പെടുക.

എല്ലാ മനുഷ്യർക്കും ആഗ്രഹങ്ങളുണ്ട്. സ്വപ്നങ്ങളുണ്ട്. അവയ്ക്ക് വ്യക്തമായ രൂപം തീർച്ചയായും നമ്മുടെ ജീവിതത്തിൽ ഉണ്ട്. സ്വാമി വിവേകാനന്ദൻറെ വാക്കുകൾ എൻറെ ചെവികളിൽ മുഴങ്ങുകയാണ് "ഉണരുക എഴുന്നേൽക്കുക ലക്ഷ്യം പ്രാപിക്കുന്നതു വരെ വിശ്രമം പാടില്ല". പരാജയമല്ല താഴ്ന്ന ലക്ഷ്യങ്ങളാണ് കുറ്റകരമെന്ന് മഹാന്മാർ പറഞ്ഞിട്ടുണ്ട്. തീർച്ചയായും ഉന്നത ലക്ഷ്യങ്ങൾ ഉള്ളവർക്കേ ഉന്നതർ ആവാൻ കഴിയൂ

ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ എളിയ വാക്കുകൾ ഇവിടെ ഉപസംഹരിക്കുന്നു .

നന്ദി ,നമസ്കാരം

ജയ്ഹിന്ദ്

# ഒരു നാടോടിക്കഥ

# കലഹം പരിഹാരമല്ല



**അഷിൻ മനോജ്**

ഒരിടത്ത് നങ്ങേലി എന്ന പേരുള്ള ഒരു ഉമ്മുമ്മ ഉണ്ടായിരുന്നു. ആ ഉമ്മയുടെ കൂട്ടുകാരായിരുന്നു കുറിഞ്ഞി പൂച്ചയും ടിങ്കു പട്ടിയും. ഒരുനാൾ അവർ ഉമ്മയോട് ഞങ്ങൾക്ക് നെയ്യപ്പം ഉണ്ടാക്കി തരുമോ എന്നു ചോദിച്ചു. ഉമ്മ പറഞ്ഞു അതിനെന്താ തരാമല്ലോ കുട്ടനിറച്ച് അരി വേണം, ശർക്കര വേണം, നെയ്യും വേണം,. ഹായ് അതെല്ലാം ഞങ്ങൾ ഉടൻ കൊണ്ടുവരാം. തേങ്ങാ ചിരാകാൻ ആരു വരും?. ടിങ്കു ഉടൻ ചിരവ എടുത്തു. തേങ്ങ ചിരണ്ടി കൊടുത്തു. ഉമ്മ നല്ല രുചിയുള്ള നെയ്യപ്പം ഉണ്ടാക്കി. മക്കളേ ഉമ്മ കുളിച്ചിട്ടു വരാം. എന്നിട്ട് നെയ്യപ്പം തിന്നാം. ഉമ്മ കുളിക്കാൻ പോയ ഉടനെ കുറഞ്ഞി കുട്ടയിൽ നിന്നും ഒരു നെയ്യപ്പം എടുത്തു. ടിങ്കു ഈ വലിയ നെയ്യപ്പം എനിക്ക് അതെനിക്ക് ടിങ്കു വിട്ടില്ല. രണ്ടുപേരും തമ്മിൽ അടിയായി. ഉമ്മ വന്നപ്പോഴേക്കും നെയ്യപ്പം മുഴുവൻ അവർ തിന്നുതീർത്തു. ഉമ്മക്ക് വലിയ സങ്കടമായി. ഉമ്മ ഒരു വടിയെടുത്ത് രണ്ടുപേർക്കും ചുട്ട അടി കൊടുത്തു. രണ്ടുപേരും മുറ്റത്തിരുന്ന് കരയാൻതുടങ്ങി. അത് കണ്ട ഉമ്മ അവരെ അരികിൽ വിളിച്ചു. മടിയിൽവെച്ച് തലോടി. മക്കളെ നെയ്യപ്പം തിന്നപ്പോൾ നിങ്ങളെന്നെ ഓർത്തോ? ഇനിമുതൽ എന്തു കിട്ടിയാലും അത് പങ്കിട്ടു കഴിക്കണം. മറ്റുള്ളവർ കഴിക്കുമ്പോൾ ഉണ്ടാകുന്ന സന്തോഷം കണ്ട് നമ്മുടെ മനസ്സ് നിറയണം. ആഹാരത്തിനു മുമ്പിൽ ഒരിക്കലും കലഹിക്കരുത്.

# അമ്മയുടെ സ്നേഹം



ചാൾസ് ജോർജ്

താരാട്ടുപാടി എന്നെ ഉറക്കും

പുഞ്ചിരിതൂകി നയിക്കും

പൊന്നോമന പോലെ നോക്കും

നമ്മൾ ആശ്വാസം നൽകുന്ന പൊൻ കരങ്ങൾ.

കഥകളും പാട്ടുകളും ചൊല്ലി തന്ന്

നന്മയുടെ മാർഗത്തിൽ  എന്നെ

നയിക്കുന്ന പൊൻ കരങ്ങൾ എന്നമ്മ

ഞാൻ ഒന്ന് കരഞ്ഞാൽ അമ്മതൻ

ഹൃദയം നുറുങ്ങും, എന്നമ്മ

പുഞ്ചിരിച്ചാൽ ആയിരം ദേവതമാർ

മുന്നിൽ നിൽക്കും മന്നിൽ ഞാൻ

കാണും ദൈവമാണെന്ന് അമ്മ.....

# അത്തം പാട്ട്



ജെറിൻ ജോജോ

അശ്വതി ഭരണി ഉറക്കുമ്പോൾ

കാർത്തിക നിന്നു ചിരിക്കുന്നു

രോഹിണി കുശലം പറയുന്നു

എല്ലാമെല്ലാം കേൾക്കുന്നു

തിരുവാതിരയുടെ താളത്തിൽ

പൂർണ്ണത ചുവടുകൾ വെക്കുന്നു

പൂയം പല്ലവി പാടുന്നു

ആയില്യത്തിനു ചാഞ്ചക്കം

നേരം പുലരും കാലത്ത്

പൂരം കുരവയിട്ടും അല്ലോ

ഉത്രം പൂത്തിരി വെട്ടത്തിൽ

അത്തപ്പൂക്കളം ഇടുന്ന അല്ലോ!!!

# വിജയത്തിലേക്കുള്ള വഴി




**ജിൽബി ബേബി**

മഹാപണ്ഡിതനായ ഗുരുവിന്റെ പഠന ശാലയിൽ പഠിക്കാൻ എത്തിയതാണ് അനന്തൻ. ദിവസങ്ങൾ കഴിഞ്ഞിട്ടും അനന്തന് പഠനത്തിൽ ശ്രദ്ധിക്കാൻകഴിഞ്ഞില്ല . അനന്തൻ ഗുരുവിനോട് ചോദിച്ചു ഗുരു എനിക്ക് പഠിക്കാനുള്ള ഏകാകൃത കിട്ടുന്നില്ല എന്തുചെയ്യണം? ഗുരു മറുപടി പറഞ്ഞില്ല. പകരം അനന്തനെ കൈ പിടിച്ചു ചോദിച്ചു, ഈ മോതിരം ആരു തന്നതാണ്? എൻറെ അച്ഛൻ തന്ന വിലപ്പെട്ട രത്നമോതിരം ആണിത്!. അനന്തൻ പറഞ്ഞു പെട്ടെന്ന് ഗുരു മോതിരം ഊരിയെടുത്ത് ഒറ്റയേറ് അയ്യോ! അങ്ങ് എന്തിനാണ് ഇത് കാണിച്ചത് എൻറെ മോതിരം.........! അനന്തൻ മറ്റെല്ലാം മറന്ന് മോതിരം തിരയാൻ തുടങ്ങി. മണിക്കൂറുകൾ നീങ്ങി, ഒടുവിൽ മോതിരം കണ്ടെത്തി. ഇത് കണ്ട് ഗുരു പറഞ്ഞു കണ്ടോ വിലപ്പെട്ട മോതിരം കണ്ടെത്താൻ മറ്റെല്ലാം നീ മറന്നു. ഇതുപോലെ പഠനം വിലപ്പെട്ടത് എന്ന് കരുതിയാൽ നിനക്ക് അതിൽ ശ്രദ്ധിക്കാൻ കഴിയും............... അനന്തൻ അന്നുമുതൽ പഠനത്തിൽ ശ്രദ്ധിച്ചു. നന്നായി പഠിച്ചു മിടുക്കനായി.

ഈ കഥ നമ്മൾ കുട്ടികൾക്കും ഒരു പാഠമാണ്.വിദ്യാർത്ഥികൾ പഠനത്തെ തടസ്സപ്പെടുത്തുന്ന ഒരു പ്രവർത്തനങ്ങളിലും ഉൾപ്പെടാതിരിക്കുകയും പഠനത്തിൽ മികവുള്ളവരായിത്തീരാൻ ശ്രമിക്കുകയും വേണം.

# മേരാ ജീവൻ ഹി മേരാ സന്ദേശ്



**ആർദ്ര എസ്സ് രാജ്**

मानननीय अध्यक्ष महोदय अन्य मित्रों सबका मेरा प्रणाम,

आज भाषण के लिए 1 विषय दिया गया है....

वह है गांधीजी का कथन मेरा जीवन ही मेरा संदेश है.... यह कथन सचमुच ठीक है... उनका जीवन है 1 संदेश है... लोगो से कहने की बातअपना व्यवहार से लोगो दिखाता था... उन्होंने सादगी का महत्व लोगो को समछते थे............. उनके हर व्यवहार मे सत्यनिष्ठा, धर्म आदि का प्रभाव हम देख सकते हैं... हम निसदेह कह सकते है कि गांधीजी का जीवन 1 संदेश ही है............

जय हिंद

# അമ്മ മനസ്സ്



ജിസ്മിൻ ടോമി

അമ്മ മനസ്സ് ളുവൽ പോലെ

ലോല മാണെങ്കിലും

സ്നേഹത്തിൻ അരുവിയാണ്

അമ്മ മനസ്സ്

ആ അരുവിയിൽ ലയിച്ച്

ചേരാൻ ആരും കൊതിക്കും

പനിനീർപൂ പോലെയാണ എൻ

അമ്മയുടെ സ്നേഹം

ആ പൂവിലെ തേൻ

നുകരുവാൻ തേനീച്ചയായി

ഞങ്ങൾ വരുന്നു

# പുതുവർഷപ്പുലരി



**അനഘ ബിനു**

വന്നുപിറന്നു പുതുവർഷം ഭൂമിയിൽ ഒരു പുതുവർഷപ്പുലരി.

സന്തോഷകരമായ വർഷത്തിൽ പുത്തൻ

ആശകൾ മനസ്സിൽ നിന്ന് ഉണർത്തുന്നു ഈ പുതുവർഷം.

പുതുവർഷം വന്നു മനസ്സിൽ നിറയെ സ്വപ്ന ക്കൊട്ടാരം പണിതുയർത്തി .

പ്രത്യാശ കാറ്റ് പുലരിയിൽ വരവായി.

കാറ്റിൽ ആലോലമാടുന്ന ആലിലകളും

പീലി വിടർത്തിയാടുന്ന മയിലുകളും

വണ്ടുകൾ മൂളിയും

കാട്ടു മുല്ലകൾ പൂത്തുലഞ്ഞും

കുരുവികൾ ഊഞ്ഞാലാടിയും

ആഘോഷ പുലരി വന്നെത്തി.

മാനത്തെത്തിയ മഴവില്ല് വിരിക്കുന്ന ചെറു

പൊൻ പുഞ്ചിരി പുതുവർഷപ്പുലരിയെ

വരവേൽക്കാം ചിരിയോടെ ദീനാരംഭത്തിൽ ...

# സുന്ദരി ഇവൾ പ്രകൃതി



**നെബിൻ സാന്റി**

മഞ്ഞിൽ പുതഞ്ഞു നിൽക്കുന്ന മല, ചുറ്റിനും പക്ഷികളുടെ കളകളാരവം, മലയുടെ അഗ്രത്തിൽ നിന്നും താഴെ വന്നു പതിക്കുന്ന വെള്ളച്ചാട്ടം. ആരും ഒന്നു കാണാൻ ആഗ്രഹിക്കും. അത് ഒരു അത്ഭുതം തന്നെയാണ്. ചുറ്റിനും നിശബ്ദ മരങ്ങളാൽ നിറഞ്ഞുനിൽക്കുന്ന ഒരു സമൃദ്ധമായ പ്രദേശം. കാട്ടിലൂടെ നടക്കുമ്പോൾ നല്ല തണുപ്പ്. അങ്ങകലെ അടിവാരത്തിന് അടുത്ത് തുമ്പികൈയും ഉയർത്തി നിൽക്കുന്ന കരിമാടിക്കുട്ടന്മാർ. മാനുകൾ ഇളംപച്ച പുല്ല് തിന്നുന്നു. മയിലുകൾ നൃത്തമാടുന്നു. മലയുടെ മുകളിൽ എത്തുമ്പോൾ ഇളംകാറ്റ്, ആർക്കും ഇങ്ങനെ സഞ്ചരിക്കാൻ ഏറെ ഇഷ്ടമാണ്. ഇത് കണ്ടാൽ ആരും സൃഷ്ടാവായ ദൈവത്തെ സ്തുതിക്കും.

# അമ്മ



നിവേദിത ആർ

അമ്മയെന്നുള്ള രണ്ടക്ഷരത്തിൽ

നിന്നുതിർന്നവയല്ലയോ എന്റെ ജീവൻ

മാതൃ സ്നേഹത്തിന്റെ നേർസാക്ഷ്യമായി അല്ലയോ

വാൽസല്യ രശ്മിയാം എന്റെ അമ്മ

ആഴക്കടലിന്റെ ഓളങ്ങളിൽ നിന്ന്

അലയടിക്കുന്ന മാതൃസ്നേഹം

നമ്മുടെയൊക്കെ ജീവിതോം ജീവനും

അമ്മതൻ കേവലം  ഭിക്ഷാമാത്രം

എങ്കിലും മനുഷ്യർ വേദനിപ്പിക്കുന്ന

നിസ്സഹായയായി മാതൃത്വം,

എന്തു പാപം ചെയ്തു പാവങ്ങൾ

സ്വന്തം മക്കളെ പൊന്നുപോൽ പോറ്റിയതോ

വേദനിപ്പിക്കുവാൻ പാടില്ല നമ്മൾ

കളങ്കമില്ലാത്ത താരാ  മാതൃത്വത്തെ


സ്നേഹിക്കണം നമ്മൾ സ്നേഹിക്കണം

സ്നേഹത്തിൻ സാക്ഷി മാവാം ദേവതയെ,

അമ്മയെന്ന ഒരാള് ആ പുണ്യവതിയെ



അഭിനവ് അനിൽ



# Mother Teresa



അലൻ സെബാസ്റ്റ്യൻ

Mother Teresa is a world famous social worker.She has taught us that the best way of worshipping God is to serve the sick and the diseased the old and the infirm.The house where she used to live Calcutta. Althrough she is no more but the path shown by her is being followed by her mission in the house for the dying and the children's home.

The light of serivice which she lighted forty years ago is still bright with her in spiration and model work Mother Teresa was born on 27 augest 1910 in Yugosalavia. Her interest in serving the poor dates back to her child wood she be came a nun at the age of eighteen. After a year's training she come to Culcutta as a Geography teacher in St.Mary's High School. On the 10th sepetember 1946 she recived a special call for Jesus christ to go to the slums Agnes Joined her association with the American medical missionary sister's helped her learn nursing the sick and the diseased.

He service in Culcutta has won her a great fame and name. She liked the people of Culcutta. She had also worked for the flood victims and end eared herself to men, women and children of all castes ,fath and religion

She could speak Bengali very well . She adopted Indian saree and indian manner of eating . This helping her achieve agreat rapport with the masses.

No one WANTS The dying the dicease and the crippled people. But the homes which she has established welcome such unwanted people. Her service began when she saw a women lying infronet of a hospital half -eaten by Rats and warms she looked after her still the old women died.

Mother Teresa received many awards and world wide honours she won padmasree peace prize, Good sanaritan , Award Her death on 5th sept 1997 may have snatched her body from us but her sprit of serivce before self continues unabated.

# പുത്തൻ ചില ചിന്തകൾ



ജോസ്മി ജോയി ജോസഫ്

ഓരോവർഷവും, ഓരോ മാസവും, ഓരോ ദിവസവും, ഓരോ നിമിഷവും, മനുഷ്യജീവിതത്തിലെ നിർണായകമായ സമയമാണ്. ചില സമയങ്ങളിലെ നഷ്ടങ്ങൾ വിലയേറിയ നഷ്ടവും വീണ്ടെടുക്കാൻ
കഴിയാത്തതും ചില നേട്ടങ്ങൾ ജീവിതത്തിൻറെ അവസാന നാളുകളാണ് നമ്മെ പിന്തുടരുന്നത്.
പോയവർഷത്തെ നഷ്ടങ്ങളും വേദനകളും മറന്നുകൊണ്ട് മാത്രമേ പുതുവർഷത്തിലേക്ക് കാൽച്ചുവടുകൾ വക്കുവാൻ പറ്റുകയുള്ളൂ. അതുകൊണ്ടുതന്നെ പുതുവർഷത്തെ സന്തോഷത്തോടെയും പുതിയ ഒരു ലക്ഷ്യത്തോടെയും വരവേൽക്കുകയും സന്തോഷത്തിൽ നമ്മൾ പുതുവൽസരത്തെആഘോഷമാക്കുകയും ചെയ്യുന്നു.
ഈ ആഘോഷം ജീവിതത്തിലെ ഏറ്റവും സന്തോഷമുള്ള നിമിഷം ആക്കുവാൻ വിശ്വാസികൾ ആരാധനാലയങ്ങളിലും മറ്റും പോവുകയും പ്രാർത്ഥിക്കുകയും പരസ്പരം ആശംസകൾ അറിയിക്കുകയും ചെയ്യുന്നു.
മഞ്ഞും തണുപ്പുമുള്ള അർദ്ധരാത്രിയിൽ നമ്മളെല്ലാവരും പടക്കം പൊട്ടിച്ചും പൂത്തിരി കത്തിച്ചും കലാപരിപാടികൾ സംഘടിപ്പിച്ചും കേക്ക് മുറിച്ചുംസദ്യ ഒരുക്കിയും പുതുവത്സരം ആഘോഷിക്കുന്നു. ഇതിലൊക്കെ പ്രധാനം പുതിയ വർഷത്തിൽ നമ്മൾ എടുക്കുന്ന തീരുമാനങ്ങളാണ്. നമ്മുടെ ലക്ഷ്യം സാക്ഷാത്കരിക്കാൻ വേണ്ട വഴികൾ കണ്ടെത്താനുള്ള തീരുമാനം എടുക്കുന്ന ഒരു നിർണായക നിമിഷമായി നമുക്ക് പുതുവർഷപ്പുലരിയെ കാണാം. ദുശ്ശീലങ്ങളെ മറക്കാനും നല്ല ശീലങ്ങളെ തുടരുവാനുള്ള തീരുമാനങ്ങളുമായി നമുക്ക് പുതുവത്സരത്തെ വരവേൽക്കാം.

ഓരോ വ്യക്തികളെയും ജീവിക്കാനും മുന്നോട്ട് നയിക്കുവാനുമുള്ള അവൻറെ പ്രചോദനമാണ് മനുഷ്യബന്ധങ്ങൾ. കടൽ സുഹൃത്തുക്കളും മാതാപിതാക്കളും അധ്യാപകരും തമ്മിലുള്ള അകൽച്ചകളെ ഇല്ലായ്മചെയ്ത് ബന്ധങ്ങളെ സുദൃഢമാക്കുന്ന അസുലഭനിമിഷങ്ങളായി പുതുപുലരിയെ നമുക്ക് വരവേൽക്കാം. പുതിയ വർഷം നന്മകൾ നിറഞ്ഞതാവട്ടെ.....
പുതുവത്സരആശംസകളോടെ..................

# മണ്ണിന്റെ വില



**അന്നാമോൾ സിബിച്ചൻ**

ഇന്നു നാം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് പരിസ്ഥിതി നശീകരണം. ഗ്രാമങ്ങൾ പോലും ഇക്കാലത്ത് നഗരങ്ങളായി ഉയർന്നുവരുന്നു .ഈ സമയത്ത് പ്രകൃതി നാശം വർദ്ധിച്ചുകൊണ്ടിരിക്കും. പ്രകൃതി സംരക്ഷിക്കപ്പെടേണ്ടതുണ്ട്. മണ്ണ് ഇല്ലെങ്കിൽ മരമില്ലെങ്കിൽ മനുഷ്യനുമില്ല. എന്നാൽ പുതുതലമുറയിലെ കുട്ടികൾ മണ്ണ് എന്നാൽ വൃത്തികെട്ടത് എന്നർത്ഥമുള്ള ഒരു വസ്തുവായിട്ടാണ് കണക്കാക്കുന്നത്. എന്നാലിന്ന് മനുഷ്യർ മണ്ണിനുവേണ്ടി നെട്ടോട്ടമോടുന്നു. സിറ്റിയിൽ ജീവിക്കുന്നവർക്ക് ആയാലും ഗ്രാമത്തിൽ ജീവിക്കുന്നവർക്ക് ആയാലും മണ്ണ് ബുദ്ധിമുട്ടുണ്ടാകും. ഗ്രാമവാസികൾക്ക് മണ്ണില്ലാത്തതാണ് പ്രശ്നമെങ്കിൽ നഗരവാസികൾക്ക് മണ്ണ് ഉള്ളതാണ് പ്രശ്നം. സിറ്റിയിൽ ഒരിടത്തും നല്ല മണ്ണ് കിട്ടില്ല. എല്ലായിടത്തും ലഭിക്കുക സിമന്റ് കട്ടയും ഇഷ്ടികയും എല്ലാം ചേർന്ന മണ്ണാണ്. എവിടെനിന്ന് മണ്ണെടുക്കാൻ ശ്രമിച്ചാലും ഇത്തരത്തിൽ മലിനമായ മണ്ണു മാത്രമേ സാധിക്കൂ. നഗരത്തിൽ ജീവിക്കുന്ന സാധാരണക്കാർക്ക് അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടാണ് നല്ല മണ്ണ് ഒരിടത്തും കിട്ടാനില്ല എന്നത്. പ്രകൃതി നാശത്തിന് പകരമായി ഹരിത സ്വപ്നം പങ്കുവെക്കാൻ ആയിരിക്കും സാധാരണക്കാരന് ഇഷ്ടം. അവന്റെ സ്വപ്നം ഭൂമിയെ നിലനിർത്താനുള്ള സ്വപ്നമാണ്. മരുഭൂമിയായിആയിക്കൊണ്ടിരിക്കുന്ന പ്രകൃതിയിൽ മണ്ണിന് പുതുജീവൻ നൽകുക എന്നതാണ് അവനിഷ്ടം.

# *DR BHIM RAO AMBEDKER*



ആൻലറ്റ് മേരി ജോസ്

The name of DR. Ambedkar bring to our mind a social reformer and a mesiaha. He Belonged to the front-Rankings leaders of India like Mahatma Gandhi Pt Jawahar Lal Nehru and Subhash Chandra Bose who fought for the independence of India.

DR. B.R . Ambedkar had the distinction of getting higher education despite the many odds he had to face during the feudal Indian soscety . But he faced all difficultes and rose to became a noted lawyer a man of knowledge and wisdom. He was most pained at the caste- ridden Indian sosciety of pertndependence . Period where in it was extremely difficulties for a man of low caste to get education.

Rah Sahed Ambedkar was popularly know among his friends and followers. He was born on 14 April 1891 at mohan. After graduating from Bomby ,be begin to serve the state of baroda under the then king of Baroda Shri Siyaji Rao Gaekwad. He did his job with a great sineerty and integrity. Later on went to USA for higher studies. All along the king Baroda supported him financially. He recived a wide applause for his talent both in India and abroad. His thesis on Ancient Indian commerce won him Dr. B.R Ambedkar strived for the casteless society where in all people enjoy eajual opportunites of education livelihood and Social Justice. He was a gainest the Brahamini Lal order prevalent in sosicity of this times. He often voiced anguish and concern against the caste discrimination among the high and low castes.

In spite of being offered the post of cabinet minister in independence India by pt. Jawahar lal Nerhu ,the then prime minister of India Dr.B.Ambedkar choose to serve the people by being an ordinary citizen of country . He died in 1956. Of late, there is re-awakening about the thinking , perception and ideology of Mr. Ambedkar.We hope that tomorrow's India would realised his dreams working for the up lifement of the and the soscially backward.



**പ്രിയ കിരൺ**



# അഭിമുഖം

## മികവുകൾ ഉയരട്ടെ വാനോളം



"പരിശ്രമം ചെയ്യുകയിലെന്തിനേയും
വശത്തിലാക്കാൻ കഴിവുള്ള വണ്ണം
ദീർഘങ്ങളാം കൈകളെ നല്കിയത്രേ
മർത്യനെ പാരിലയച്ചതീശൻ"

തൊടുപുഴയ്ക്കടുത്ത് തട്ടക്കുഴ സ്വദേശിയായ ശ്രീ. സജി തോമസിന്റെ കാര്യത്തിൽ ഈ കവിതാശകലം അർത്ഥപൂർണ്ണമാണ്. ഭിന്നശേഷിക്കാരനും ഏഴാംക്ലാസ് വിദ്യാഭ്യാസവുമുള്ള സജി സ്വന്തം പ്രയത്നത്താൽ ഒരു വിമാനം തനിയെ നിർമ്മിക്കുകയും അത് പറത്തുകയും ചെയ്തു. ഈ വാർത്ത 2014 ൽ തന്നെ വിവിധ മാധ്യമങ്ങളിലൂടെ നാം അറിയുകയുണ്ടായി. ഇപ്പോൾ വിമാനം എന്ന പേരിൽ സിനിമതന്നെ സജി തോമസിന്റെ ജീവിതത്തെയും വിമാനം നിർമ്മിച്ച് പറപ്പിച്ചതിനെയും പ്രമേയമാക്കി ഇറങ്ങിയിരിക്കുന്നു. ഈ സന്ദർഭത്തിലാണ് ക്ലാസ്സ്മേറ്റ് ന്യൂലെറ്ററിനുവേണ്ടി വിദ്യാർത്ഥികളായ കാതറിൻ മേരി സിജു, ജോസ്മി ജോയി ജോസഫ്,അമൽ ജോസ്, ഫെലിക്സ് സാലു എന്നിവരും അധ്യാപികയായ ലിജി ആനിഅഗസ്റ്റിനും ചേർന്ന് സജി തോമസിന്റെ തട്ടക്കുഴയിലെ വീട്ടിലെത്തി "അഭിമുഖം'എന്നതിലുപരി ഒരു മനുഷ്യന്റെ നിശ്ചയദാർഢ്യത്തിന്റെയും മികവുകൾ വാനോളം ഉയർത്തിയതിന്റെയും നേർക്കാഴ്ചകൾ വായനക്കാരിൽ
എത്തിക്കുകയെന്നദൗത്യംനിർവ്വഹിക്കുന്നത്.സംസാരിക്കുവാനുംകേൾക്കുവാനും

സാധിക്കാത്തതിനാൽ ആംഗ്യഭാഷയിലാണ് ചോദ്യങ്ങൾ ചോദിച്ചത്. അതിനായി പരിശീലനം ലഭിച്ച വിദ്യാർത്ഥികൾദൗത്യസംഘത്തിലുണ്ടായിരുന്നു. ഉത്തരങ്ങൾ ആംഗ്യഭാഷയിൽ സജി തോമസ് വിശദീകരിച്ചു. സഹായത്തിനായി അദ്ദേഹത്തിന്റെ ജീവിതപങ്കാളി മരിയയും പങ്കുചേർന്നു. പ്രസക്തഭാഗങ്ങൾ ദൗത്യസംഘത്തിന്റെ ഭാഷയിൽ തന്നെ തുടർന്നുവായിക്കാം,

വിമാനം എന്ന ആശയം എങ്ങനെയാണ് സജിച്ചേട്ടന്റെ മനസിൽ ചേക്കേറിയത്**?**



ചെറുപ്പത്തിൽ

റബർ മരത്തിനു ഉരിശടിക്കാൻഎത്തിയഹെലികോപ്റ്ററാണ്ആദ്യം എന്നെ ഈ ചിന്തയിലേക്ക് നയിച്ചത്. അത് പിന്നീട് വിമാനത്തിലെത്തുകയായിരുന്നു. അന്ന് എനിക്ക് 17 വയസ്. എന്റെ പിതാവ് മിലിട്ടറിയിലായിരുന്നു. ആ വഴിയും പ്രചോദനം ലഭിച്ചിട്ടുണ്ട്.

ഏഴാംക്ലാസ് വരെ മാത്രം ഔദ്യോഗികവിദ്യാഭ്യാസംനേടിയ ഒരാൾ എങ്ങനെയാണ് വിമാന സംബന്ധിയായ കാര്യങ്ങൾ സ്വായത്തമാക്കിയത്**?**

വിമാനം എങ്ങനെയും നിർമ്മിക്കണമെന്ന ചിന്ത എന്നെ ബോംബെയിൽഎത്തിച്ചു. അവിടെനിന്നും ലഭിച്ച വിമാനനിർമ്മാണവുമായി ബന്ധപ്പെട്ട ഒരുപുസ്തകം, ഒരു ഡിക്ഷണറിയോളം വലുപ്പം വരും. അതായിരുന്നു എന്റെ ഏക ആശയം. എന്നാൽ അതു മുഴുവൻ എഴുതിയിരുന്നത്ഇംഗ്ലീഷിലാണ്. വിട്ടുകൊടുത്തില്ല. ആ പുസ്തകംമുഴുവൻ ഞാൻ മനഃപാഠമാക്കി. വിമാനം നിർമ്മിക്കാനായി വേണ്ടതെല്ലാം സ്വായത്തമാക്കി.

പലതരത്തിലുള്ള ചെറുതുംവലുതുമായവിമാനങ്ങളുടെ മോഡലുകളും പ്രവർത്തസ്സജ്ജമായതുമെല്ലാം ഇവിടെ കാണുന്നുണ്ടല്ലോ**?** എന്നാൽ മാധ്യമങ്ങളിലൂടെ ഞങ്ങളറിഞ്ഞ ആ സ്വപ്ന വിമാനത്തെക്കുറിച്ച് പറയാമോ**?**

2009 ലാണ് ഉയരത്തിൽ പറപ്പിക്കുവാനുംസാങ്കേതികമികവുള്ളതുമായ ഒരു വിമാനം നിർമ്മിക്കുന്നതിനുള്ള പരിശ്രമം തുടങ്ങിയത്. അഞ്ചു വർഷമെടുത്തുപൂർത്തീകരിക്കാൻ. നീണ്ടുപോകാനുള്ളപ്രധാനകാരണം സാമ്പത്തികപ്രതിസന്ധിതന്നെയാണ് വിമാനത്തിന്റെ പങ്കമഹാഗണിപലകയിൽ ഞാൻ തന്നെകഴിയുന്ന വിമാനം. അൾട്രാലൈറ്റ് വിഭാഗത്തിൽപ്പെടുന്ന ഈ വിമാനം നിർമ്മിക്കാൻ ഏകദേശം 11 ലക്ഷം രൂപ ചെലവായി, മാർക്കറ്റിൽ 25 ലക്ഷം രൂപ വില- വരുന്ന ഇനമാണിത്. പണത്തിനായി സ്ഥലത്തിന്റെ ഒരു ഭാഗം പോലും വിൽക്കേണ്ടി വന്നു. ഇലക്ട്രോണിക്സ് റിപ്പയറിംഗ്, ഫോട്ടോഗ്രാഫി എന്നീ തൊഴിലുകൾ വഴിയും പണം കണ്ടെത്തി.

**2014** ഏപ്രിൽ **10** ന് വിമാനം പറത്തുകയുണ്ടായല്ലോ**?** അതിനു ശേഷംപൊതുസമൂഹത്തിന്റെ പ്രതികരണം എന്തായിരുന്നു**?**

അതു വരെയുണ്ടായിരുന്ന മുൻവിധി കളെല്ലാം മാറി. ഏവരും അതിശയത്തോടും അത്ഭുതത്തോടും എന്നെയും എന്റെ പരിശ്രമത്തെയും അഭിനന്ദിച്ചു. വാർത്താമാധ്യമങ്ങളിലൂടെ ലോകമെങ്ങുംവിവരമെത്തി. പിന്നെഎല്ലായിടത്തു നിന്നുംഅഭിനന്ദപ്രവാഹമായിരുന്നു.




സജിച്ചേട്ടന്റെ ജീവിതം സിനിമയായത് എങ്ങനെയാണ്?

വാർത്തകൾ അറിഞ്ഞ് ധാരാളം അന്വേഷണങ്ങൾ വന്നു. തിരക്കഥാകൃത്തുംനവാഗതസംവിധായകനുമായ പ്രദീപ് എം. നായർ സമീപിച്ച് കാര്യങ്ങൾകണ്ടും കേട്ടുമറിഞ്ഞു. അങ്ങനെയാണു പൃഥിരാജ് നായകനായ "വിമാനം' എന്നസിനിമ യാഥാർത്ഥ്യമായത്. അതിനുമുമ്പ് എബി എന്ന സിനിമയും എന്റെജീവിതാനുഭവങ്ങൾ പ്രമേയമായി വന്നിട്ടുണ്ടെങ്കിലും വിമാനം എന്ന സിനിമയുമായിട്ടായിരുന്നു ഔദ്യോഗികധാരണഉണ്ടാക്കിയിരുന്നത്. ഈ സിനിമയിൽമെക്കാനിക്കിന്റെ റോളിൽ ഞാനും അഭിനയിച്ചിട്ടുണ്ട്.

വിമാനം സിനിമ കണ്ടിരുന്നുവോ?

കണ്ടു നന്നായിരിക്കുന്നു. സന്തോഷംതോന്നി. എന്റെ ജീവിതാനുഭവമാണ് പ്രധാന പ്രമേയം. എന്നാൽ കഥയിൽസിനിമയുടേതായ രീതിയിൽ വിപുലപ്പെടുത്തിയിട്ടുണ്ട്.

ഇനി എന്താണ് അടുത്ത പദ്ധതി?

വിമാനത്തിന്റെ തന്നെ ബാക്കി നടപടികളാണ് ചെയ്യാനുള്ളത്. 10000 മുതൽ 13,000 അടിവരെ ഉയരത്തിൽ പറക്കാൻശേഷിയുള്ള ഈ വിമാനം കായിക,വിനോദ, സാഹസിക പറക്കലുകൾക്കാണ് ഉപയോഗിക്കാൻ കഴിയുന്നത്.എന്നാൽ അതിന് രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ ആവശ്യമാണ്.അതിനായി ഞാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അനുമതി ലഭിച്ച് ഉയർത്തി പറപ്പിക്കണം. "അങ്ങനെ പറപ്പിക്കവേ ഞാൻമരിച്ചാലും വേണ്ടില്ല. പറപ്പിക്കണം. ഉയരത്തിൽ. അതാണ് അടുത്ത ലക്ഷ്യം".



സനൽ ജയേഷ്



# കുയിലിൻറെ സ്വരമാധുരി



സഫ്ദർ മാത്യു സജി

മിണ്ടാത്ത കുയിൽ ഒരു നാണംകുണുങ്ങി

കുയിലിൻറെ ധ്വനി ഒരു സ്വരമാധുരി.

കിളിച്ചുണ്ടൻ മാവിൽ ഒതുങ്ങിയിരുന്ന്,

നാദം തുടങ്ങി കുയിലിൻ സംഗീതം

സുപ്രഭാതത്തിൽ ഉണർവ് മീട്ടും

കിളിനാദം അത്ഭുതനാദ ഭംഗി

പാട്ടിന്റെയീണം മനോജ്ഞമാണീണം,

പകർന്നുനൽകുമോ ഒരുവട്ടം എനിക്കു നീ.

ശ്രുതി താളവും നല്ല നാദ ശോഭയും,

ഉൾച്ചേർത്ത കോകിലയൊരു ഗായികയോ?

പുള്ളികളുള്ള പികം പാടും പാട്ടത്,

ഏതൊരാളിൻറേയും മനം മയക്കും അത്.

ദൈവം സൃഷ്ടിച്ച ഒരു പ്രപഞ്ച വരദാനം,

കോകിലയെന്നു ഞാൻ ഓന്നാമതോതും.

തേനിറ്റു വീഴുന്ന പഴം പോലെ നാദവും,

മാധുരമായൊരു അത്ഭുത ധ്വനി.

അത്ഭുതനാദം സൃഷ്ടിച്ചയീ പികം,

സംഗീതജ്ഞയെന്ന് സംശയം തോന്നും.

# *Thank's*

സെന്റ് തോമസ് തുടങ്ങനാട് ലിറ്റിൽ കൈറ്റ്സുകളുടെ നേതൃത്വത്തിലുള്ള **DILLI GENT** എന്ന ഡിജിറ്റൽ മാഗസിൻ ഇവിടെ പൂർത്തിയാവുകയാണ്. ഇതിന്റെ അരങ്ങിലും അണിയറയിലും കഷ്ടപ്പെട്ടവർ ഏറെയാണ് . ഒപ്പം പ്രോത്സാഹനം നൽകിയവരും. എല്ലാവർക്കും നന്ദി.....

ഞങ്ങൾ


ഞങ്ങൾ
തുടങ്ങനാട്
ലിറ്റിൽ കൈറ്റ്സ്